നഗര തൊഴിലുറപ്പ് പദ്ധതി

144 (1902) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ച നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏത്ര നഗരസഭകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ :

(സി) മറ്റ് നഗരസഭകളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 3-11-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 252/2010/തസ്വഭവ പ്രകാരം ഇറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) നഗരസഭകളോട് കൂട്ടിച്ചേർക്കപ്പെട്ടതും നഗരസഭകളായി മാറ്റപ്പെട്ടതും ആയ ഗ്രാമപ്രഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുള്ള ഷെൽഫ് ഓഫ് പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് നഗരസഭകളിൽ പദ്ധതി നടത്തിപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളായ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, വാർഷിക കർമ്മപദ്ധതി രൂപീകരിക്കൽ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്.

നഗരസഭാ ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ്

145 (1903) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാരുടെ പിഎഫ് ക്രെഡിറ്റ് കാർഡ് കൊടുത്തുതീർത്താ : ഇല്ലെങ്കിൽ എത്ര പേർക്ക് ഇനി കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി.എഫ്. തുക അതാതു ജീവനക്കാരുടെ അക്കൗണ്ടിൽ കൃത്യമായി വരുന്നതിന് നടപടി സ്വീകരിക്കുമോ :

(സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സിവിൽ സർവ്വീസ് രൂപീകരിക്കുകയാണെങ്കിൽ ജീവനക്കാർക്ക് ഓപ്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly